ഡോക്ടർ എ. ആർ. മേനോൻ: ഇതിനെക്കുറിച്ചു എന്തെങ്കിലുമാണ്ട ഈ കൌൺസിലിൽ തീർച്ചയാക്കണം. ഒന്നുകിൽ പഞ്ചായത്തിന്റെ അഭിപ്രായം ചോദിക്കേണ്ടെന്നുവെയ്ക്കണം. ഡിപ്പാർട്ട്മെണ്ടിന്റെ ഇഷ്ടപ്രകാരം ചെയ്യുവെന്ന കുറ്റം വേണ്ടെന്നുവെച്ചാൽ പഞ്ചായത്തുകളുടെ അഭിപ്രായംകൂടി ചോദിക്കാമെന്നുവെച്ചിട്ടുള്ളതു്, എങ്ങിനെ വേണമെങ്കിലും ചെയ്യാം. ഏതു സിസ്റ്റമായാലും കുറച്ചൊക്കെ ബുദ്ധിമുട്ടുണ്ടാകും.

മിസ്റ്റർ വി. കെ. കുട്ടി: പഞ്ചായത്തുകാർക്കു പൂലയസമുദായത്തോടു ഹിതമില്ലെന്നാണൊ ഈ ചോദ്യംകൊണ്ടു മനസ്സിലാക്കേണ്ടതു്?

ഡോക്ടർ എ. ആർ. മേനോൻ: പഞ്ചായത്തുകാർക്കു അങ്ങിനെയൊരു മനഃസ്ഥിതിയുണ്ടെന്നു പറയാൻ നിവൃത്തിയില്ല. പഞ്ചായത്തുകാരുടെ അഭിപ്രായമറിഞ്ഞേ നിയമിക്കാറുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തിന്റെ അധികാരം അവഗണിച്ചു പ്രവൃത്തിക്കണമെന്നു ഉദ്ദേശമില്ല. എന്തെങ്കിലും തരത്തിൽ അയാൾക്കു ഒരുപജീവനമാർഗ്ഗം ഉണ്ടാക്കികൊടുക്കാമൊ എന്നാണു ചോദിക്കുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ: കൊടുക്കാൻ നോക്കാം.

മിസ്റ്റർ സി. വി. ഇയ്യു: സാധാരണ കീഴ്ജീവനക്കാരുടെ ഉദ്യോഗത്തിനു ഒഴിവുവരുമ്പോൾ അധഃകൃതർക്കു പ്രാമുഖ്യം കൊടുക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കു സർക്കുലർ അയച്ചിട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: കഴിയുന്നിടത്തോളം അധഃകൃതരെ സ്ഥായിക്കണമെന്നു ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: ഈ പഞ്ചായത്തുകാരന്മാരെ നിയമിക്കുമ്പോൾ പഞ്ചായത്തിന്റെ അഭിപ്രായം ചോദിക്കാറുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല. ഇവിടെ ശിപായിയുടെ ഉദ്യോഗത്തെ കുറിച്ചാണു ചോദിച്ചിരിക്കുന്നതു്. അതിനെപ്പറ്റി ചോദിക്കാറുണ്ടു്.

KADAVANTHARA ROAD—OPENING OF FEEDER LANES

183. Mr. V. N. Damodaran Nambiar *(Trippunittura)*:
Will the Government be pleased to state.—

(*a*) whether they have received any representation from the public of Kadavanthara regarding the necessity of opening two feeder lanes one from the west and another from the east to the Kadavanthara road;

(*b*) if so, what action have they taken in the matter?

Dr. A. R. Menon *(Minister for Rural Development)*:

(*a*) Yes.

(*b*) The matter is under consideration of Government.

LIBRARY ARCHIVES Kerala Legislative Assembly